ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:14-03.2024**

## പ്രധാനവാർത്തകൾ

1. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രതിജ്ഞാബദ്ധതയോടെയുള്ള പ്രവർത്തനമാണ് കേന്ദ്രസർക്കാർ നടത്തുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നാളെ കേരളത്തിലെത്തും

3. ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് നടപ്പാക്കുന്നത് സംബന്ധിച്ച ഉന്നതതല സമിതി റിപ്പോർട്ട് രാഷ്ട്രപതി ദ്രൗപദി മുർമുവിന് കൈമാറി

4. കൊച്ചി വാട്ടർ മെട്രോയുടെ നാല് പുതിയ ടെർനമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു

5. രഞ്ജി ട്രോഫി കിരീടം സ്വന്തമാക്കി മുംബൈ.

RNU TVPM

$$$$$$$$$$$$$$

## പ്രധാനമന്ത്രി

പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രതിജ്ഞാബദ്ധതയോടെയുള്ള പ്രവർത്തനമാണ് കേന്ദ്രസർക്കാർ കഴിഞ്ഞ 10 വർഷത്തിനിടെ കാഴ്ച വച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പി എം സ്വനിധി ഗുണഭോക്താക്കളെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ജെ.എൽ.എൻ സ്റ്റേഡിയത്തിൽ നടന്ന പരിപാടിയിൽ ഒരു ലക്ഷം തെരുവോര കച്ചവടക്കാർക്കുള്ള വായ്പകൾ പ്രധാനമന്ത്രി വിതരണം ചെയ്തു. ഡൽഹി മെട്രോ നാലാം ഘട്ടത്തിന്റെ ഭാഗമായ രണ്ട് ഇടനാഴികളുടെ തറക്കല്ലിടലും പ്രധാനമന്ത്രി ചടങ്ങിൽ നിർവഹിച്ചു.

$$$$$$$$$$$$$$

## പ്രധാനമന്ത്രി-പത്തനംതിട്ട

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ കേരളത്തിലെത്തും. പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ നടക്കുന്ന പൊതുയോഗത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. പത്തനംതിട്ട, മാവേലിക്കര ലോക്സഭാ മണ്ഡലങ്ങളിലെ എൻ.ഡി.എ സ്ഥാനാർത്ഥികളുടെ പ്രചാരണത്തിനായാണ് പ്രധാനമന്ത്രി എത്തുന്നത്. ഒരു ലക്ഷത്തോളം പ്രവർത്തകർ

$$$$$$$$$$$$$$

RNU TVPM

## ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് - ഇൻട്രോ

ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് സംബന്ധിച്ച ഉന്നതതല സമിതി രാഷ്ട്രപതി ദ്രൗപദി മുർമുവിന് റിപ്പോർട്ട് കൈമാറി. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായ സമിതി കേന്ദ്രമന്ത്രിമാരായ അമിത് ഷാ, അർജുൻ റാം മേഘ്വാൾ എന്നിവരുടെ സാന്നിധ്യത്തിലാണ് റിപ്പോർട്ട് കൈമാറിയത്.

വിശദാംശങ്ങളിലേക്ക്....

## - വോയിസ്

**ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് എന്ന ആശയത്തെ അനുകൂലിക്കുന്ന റിപ്പോർട്ടാണ് ഉന്നതതല സമിതി ഇന്ന് രാഷ്ട്രപതിയ്ക്ക് കൈമാറിയത്. ആദ്യ ഘട്ടത്തിൽ പാർലമെൻറ്, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താനും, രണ്ടാം ഘട്ടമായി തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പും ഇതോടൊപ്പം നടത്താനും സമിതി നിർദ്ദേശിച്ചു. മൂന്ന് തെരഞ്ഞെടുപ്പുകൾക്കുമായി ഒറ്റ വോട്ടർ പട്ടികയും, തിരിച്ചറിയൽ**

കാർഡും ഉപയോഗിക്കണമെന്നും നിർദ്ദേശമുണ്ട്. 47 രാഷ്ട്രീയ പാർട്ടികളിൽ നിന്നും അഭിപ്രായം ആരാഞ്ഞതിൽ 32 പാർട്ടികൾ തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തുന്നതിനെ അനുകൂലിച്ചു. ജനങ്ങളിൽ നിന്നും ലഭിച്ച 21,000 പ്രതികരണങ്ങളിൽ 80 ശതമാനവും ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് എന്ന ആശയത്തെ പിന്തുണയ്ക്കുന്നതായിരുന്നു. 18,626 പേജുകളുള്ള റിപ്പോർട്ട് 191 ദിവസം കൊണ്ടാണ് പൂർത്തിയാക്കിയിരിക്കുന്നത്.

ന്യൂസ് ഡസ്ക്, ആകാശവാണി

$$$$$$$$$$$$$$

## മുഖ്യമന്ത്രി സിഎഎ

പൗരത്വ ഭേദഗതി നിയമം കേരളം നടപ്പാക്കില്ലെന്ന മുൻ നിലപാടിൽ സംസ്ഥാന സർക്കാർ ഉറച്ചു നിൽക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. നിയമപരമായ തുടർനടപടികൾക്ക് സംസ്ഥാനം തയ്യാറാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പൗരത്വ ഭേദഗതി നിയമം ജനാധിപത്യ വിരുദ്ധമാണെന്ന് വിമർശനം ഉന്നയിച്ച മുഖ്യമന്ത്രി തെരഞ്ഞെടുപ്പിന് മുൻപ് കേന്ദ്രം ധൃതി പിടിച്ച് ചട്ടങ്ങൾ പുറത്തിറക്കിയതായും കുറ്റപ്പെടുത്തി.

RNU TVPM

$$$$$$$$$$$$$$

## വാട്ടർ മെട്രോ

കൊച്ചി വാട്ടർ മെട്രോയുടെ മുളവുകാട് നോർത്ത്, സൌത്ത് ചിറ്റൂർ, ഏലൂർ, ചേരാനെല്ലൂർ എന്നീ നാല് ടെർമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു . കൊച്ചി വാട്ടർ മെട്രോയ്ക്ക് ലോക ശ്രദ്ധ ലഭിച്ചതായി അദ്ദേഹം ചടങ്ങിൽ പറഞ്ഞു. ഇതിനോടകം 17 ലക്ഷം പേര് ഈ സേവനം ഉപയോഗിച്ച് കഴിഞ്ഞതായി പറഞ്ഞ മുഖ്യമന്ത്രി കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നത് ലക്ഷ്യമിട്ടാണ് അധികം സർവീസുകൾ ആരംഭിക്കുന്നത് എന്നും വ്യക്തമാക്കി.

$$$$$$$$$$$$$$

## ലിംഗ സമത്വ സൂചിക

**ലിംഗ സമത്വ** സൂചികയിൽ മുന്നേറ്റവുമായി ഇന്ത്യ. ഐക്യരാഷ്ട്ര സംഘടനയായ യുഎൻഡിപി പുറത്തുവിട്ട 2022 ലെ റാങ്കിങ്ങിൽ ഇന്ത്യ 193 രാജ്യങ്ങളിൽ 108 ആം സ്ഥാനത്തെത്തി. 2021 ൽ 122 ആം സ്ഥാനത്തായിരുന്നു ഇന്ത്യ.

$$$$$$$$$$$$$$

## പലിശ-സഹകരണം

സഹകരണ മേഖലയിലെ സ്ഥിര നിക്ഷേപ പലിശ നിരക്കിൽ മാറ്റം വരുത്താൻ സഹകരണ മന്ത്രി വി.എൻ വാസവന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗത്തിൽ തീരുമാനം. പ്രാഥമിക സഹകരണസംഘങ്ങളിലെ നിരക്കിലാണ് മാറ്റം വരുത്തിയിരിക്കുന്നത്. .പുതുക്കിയ നിരക്ക് ഇന്നലെ മുതൽ പ്രാബല്യത്തിൽ വന്നു .ഇതോടെ പ്രാഥമിക സഹകരണ ബാങ്കുകളിലെ മുതിർന്ന പൗരൻമാരുടെ നിക്ഷേപങ്ങൾക്ക് പരാമാവധി 8.75 ശതമാനം വരെ പലിശ ലഭിക്കും.കറണ്ട് അക്കൗണ്ടുകൾക്കും സേവിംഗ്സ് അക്കൗണ്ടുകൾക്കും പലിശ നിരക്കിൽ മാറ്റം വരുത്തിയിട്ടില്ല.

$$$$$$$$$$$$$$

## മന്ത്രി കെ എൻ ബാലഗോപാൽ

സംസ്ഥാനത്തെ സ്കൂൾ ഉച്ച ഭക്ഷണ പാചക തൊഴിലാളികൾക്ക് വേതന വിതരണത്തിനായി 16.31 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. 13,560 തൊഴിലാളികളുടെ ഫെബ്രുവരി മാസത്തെ വേതനം നൽകുന്നതിനായാണ് തുക അനുവദിച്ചത് .

$$$$$$$$$$$$$$

RNU TVPM

## വി.മുരളീധരൻ.

നാഗർകോവിൽ–കോട്ടയം എക്സ്പ്രസിന് കാപ്പിൽ റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചതിൻറെ ഫ്ലാഗ് ഓഫ് കേന്ദ്രസഹമന്ത്രി വി.മുരളീധരൻ നിർവഹിച്ചു. പ്രഖ്യാപിക്കുന്ന പദ്ധതികൾ എല്ലാവർക്കും പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പാക്കിയാണ് നരേന്ദ്രമോദി സർക്കാർ മുന്നോട്ട് പോകുന്നതെന്ന് കേന്ദ്രമന്ത്രി ചടങ്ങിൽ പറഞ്ഞു .

$$$$$$$$$$$$$$

## കെ. സുരേന്ദ്രൻ

തിരുവനന്തപുരത്തെ എൻ.ഡി.എ ലോക്സഭ തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസ് BJP സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ്സിൽ നിന്നും BJP യിലേക്ക് എത്തിയ പത്മിനി തോമസ്, DCC ജനറൽ സെക്രട്ടറിമാരായിരുന്ന തമ്പാനൂർ സതീഷ്, ഉദയൻ തുടങ്ങിയ നേതാക്കളെയും 100-ഓളം പ്രവർത്തകരെയും ചടങ്ങിൽ ഷാൾ

അണിയിച്ച് സ്വീകരിച്ചു. കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖറും ചടങ്ങിൽ സന്നിഹിതനായി.

$$$$$$$$$$$$$$

## കെ റൈസ്- സതീശൻ

കെ റൈസ് ഉദ്ഘാടനം കഴിഞ്ഞതോടെ ഒരിടത്തും അരിയില്ലാത്ത അവസ്ഥയാണെന്നും, കെ- റൈസിന്റെ പേരിൽ കൂടുതൽ അരിയല്ല നൽകുന്നതെന്നും പ്രതിപക്ഷ നേതാവ് വിഡി സതീശൻ . നേരത്തെ കാർഡുടമകൾക്ക് പത്ത് കിലോ അരി നൽകിയിരുന്നപ്പോൾ ജയ, മട്ട, കുറുവ അരി ഇഷ്ടാനുസരണം വാങ്ങാനുള്ള സംവിധാനമുണ്ടായിരുന്നു. ഇത് അഞ്ച് കിലോ ആയി പരിമിതപ്പെടുത്തിയതായും പ്രതിപക്ഷ നേതാവ് പറവൂരിൽ മധ്യമങ്ങളോട് പറഞ്ഞു.കേരള സർവകലാശാല യുവജനോത്സവത്തിൽ വിധി കർത്താവായി വിളിച്ചുവരുത്തിയ ആൾ ആത്മഹത്യ ചെയ്ത സംഭവത്തിൽ, അദ്ദേഹത്തെ മർദ്ദിച്ച എസ്.എഫ്.ഐ നേതാക്കൾക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

$$$$$$$$$$$$$$

## യുവജനോത്സവം

കേരള സർവ്വകലാശാല യുവജനോത്സവത്തിലെ സംഘർഷത്തിൽ സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് സർവകലാശാല രജിസ്ട്രാർ സംസ്ഥാന പൊലീസ് മേധാവിക്ക് കത്തുനൽകി. മാർഗംകളി മത്സരത്തിൻറെ വിധികർത്താവായിരുന്ന പി.എൻ. ഷാജിയുടെ മരണം അന്വേഷിക്കണമെന്നും രജിസ്ട്രാർ ആവശ്യപ്പെട്ടു.

$$$$$$$$$$$$$$

## സിമി

സ്റ്റുഡന്റ്സ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ-സിമിയുടെ നിരോധനം നീട്ടുന്നതുമായി ബന്ധപ്പെട്ട് UAPA ട്രിബ്യൂണൽ കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചു. നിരോധനം സംബന്ധിച്ച എതിർവാദങ്ങൾ 30 ദിവസത്തിനകം സമർപ്പിക്കണം എന്നാണ് സിമിയ്ക്ക് നൽകിയിരിക്കുന്ന നിർദ്ദേശം. കഴിഞ്ഞ ജനുവരിയിലാണ് സിമി നിരോധനം 5 വർഷത്തേക്ക് കൂടി നീട്ടി ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം പുറത്തിറക്കിയത്.

$$$$$$$$$$$$$$

RNU TVPM

## ഗുരുവായൂർ മേൽശാന്തി

ഗുരുവായൂർ മേൽശാന്തിയായി വടക്കാഞ്ചേരി പനങ്ങാട്ടുകര പള്ളിശ്ശേരി മനയിൽ മധുസൂദനൻ നമ്പൂതിരിയെ തെരഞ്ഞെടുത്തു. രണ്ടാം തവണയാണ് ഇദ്ദേഹം മേൽശാന്തിയാകുന്നത്.

$$$$$$$$$$$$$$

## ശബരിമല

നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം സംസ്ഥാന സർക്കാർ പുറത്തിറക്കി. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആക്ഷേപമുള്ളവർ 15 ദിവസത്തിനകം രേഖാമൂലം വിവരം

അറിയിക്കണമെന്ന് വിജ്ഞാപനത്തിൽ പറയുന്നു.

$$$$$$$$$$$$$$

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി കിരീടം മുംബൈക്ക്. വാങ്കഡെ സ്റ്റേഡിയത്തിൽ നടന്ന കലാശപ്പോരാട്ടത്തിൽ വിദർഭയെ 169 റൺസിനാണ് മുംബൈ കീഴടക്കിയത്. രണ്ടാം ഇന്നിംഗിസിൽ മുംബൈ ഉയർത്തിയ 538 റൺസെന്ന ലക്ഷ്യം പിന്തുടർന്ന വിദർഭ 368 റൺസിന് പുറത്താവുകയായിരുന്നു . അക്ഷയ് വദ് കർ വിദര്ഭയ്ക്കായി സെഞ്ച്വറി നേടി.

$$$$$$$$$$$$$$

## ഐ എസ് എൽ

ഐ എസ് എൽ - ൽ ഇന്ന് എഫ് സി ഗോവ ബംഗളുരു എഫ് സി യുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ഗോവ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 335 പോയിൻറ് ഉയർന്ന് 73,097 ലും ദേശിയ ഓഹരി സൂചിക നിഫ്റ്റി 149 പോയിൻറ് വർധിച്ചു 22,147 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണ വിലയിൽ വർധന. പവന് 200 രൂപ കൂടി 48,480 രൂപയായി. ഗ്രാമിന് 6,060 രൂപയാണ് വില.

RNUTVPM

$$$$$$$$$$$$$$

## ആർ ബിന്ദു

ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ നാഷണൽ സർവീസ് സ്കീം സംസ്ഥാനത്ത് നടപ്പാക്കുന്ന സ്നേഹാരാമം പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചതായി മന്ത്രി ആർ ബിന്ദു. കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട മൂവായിരത്തിലധികം കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കി, പൊതുജനങ്ങൾക്കു ഉപയോഗപ്രദമായ ഇടങ്ങളാക്കി മാറ്റിയ പദ്ധതിയ്ക്കാണ് വേൾഡ് റെക്കോർഡ്സ് യൂണിയന്റെ അംഗീകാരം ലഭിച്ചത്.

$$$$$$$$$$$$$$

## പട്ടയം - വിവരശേഖരണം

മലയോര പട്ടയ വിതരണവുമായി ബന്ധപ്പെട്ട വിവരശേഖരണ നടപടികൾ ഈ മാസം 30 വരെ നീട്ടി. 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി ഈ മാസം ഒന്നു മുതൽ ആണ് വിവരശേഖരണം ആരംഭിച്ചത്. അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചു.

$$$$$$$$$$$$$$

$$$$$$

$$$

RNU TVPM